"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻകീഴിൽ തയ്യാറാക്കിയ തിരുവനന്തപുരം മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.85/2024/LSGD തീയതി,തിരുവനന്തപുരം, 04-07-2024

---

പരാമർശം:- 1. 24.02.2023 -ലെ സ.ഉ.(കൈ.)നം.58/2023/തസ്വഭവ നമ്പർ ഉത്തരവ്

2. 10.11.2023 -ലെ സ.ഉ.(കൈ.)നം.196/2023/തസ്വഭവ നമ്പർ ഉത്തരവ്

3. തിരുവനന്തപുരം നഗരസഭ കൗൺസിലിന്റെ 28.02.2024 തീയതിയിലെ 3(F)1 നമ്പർ കൗൺസിൽ തീരുമാനം

4. തിരുവനന്തപുരം നഗരസഭ കൗൺസിലിന്റെ 14.03.2024 തീയതിയിലെ 1(3) നമ്പർ കൗൺസിൽ തീരുമാനം

5. തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 16.03.2024 തീയതിയിലെ ഇ7/ഇ14/ഇ16/145043/13 Vol III നമ്പർ കത്ത്.

6. മുഖ്യനഗരാസൂത്രകന്റെ 24.04.2024 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./21900/2023-ടിസിപിബി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരത്തിനു വേണ്ടി AMRUT പദ്ധതിയുടെ ഉപപദ്ധതിയായ Formulation of GIS based Master Plan for AMRUT Cities എന്നതിൻ കീഴിൽ തയ്യാറാക്കിയ തിരുവനന്തപുരം മാസ്റ്റർ പ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം

പ്രസിദ്ധീകരണ അനുമതി നൽ കുകയും തുടർന്ന് പൊതുജനങ്ങളിൽ നിന്നും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനായി കരട് മാസ്റ്റർപ്ലാൻ നഗരസഭ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പൊതുജനങ്ങളിൽ നിന്നും പ്രസ്തുത ആക്ഷേപങ്ങളും/അഭിപ്രായങ്ങളും സ്വീകരിക്കുന്നതിനായുള്ള കാലാവധി പരാമർശം (2) ഉത്തരവ് പ്രകാരം 31.08.2023 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തു.

(2) 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 32 പ്രകാരം, നഗരസഭാ കൗൺസിൽ രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റി/മാസ്റ്റർ പ്ലാൻ കമ്മിറ്റി, പ്രസ്തുത ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് പൊതുവായ അഭിപ്രായം രൂപീകരിക്കുകയും, അതിന്മേലുള്ള ഫാറം I റിപ്പോർട്ട് നഗരസഭാ കൗൺസിലിൽ സമർപ്പിക്കുകയും, തുടർന്ന്, ഫാറം I ന്മേൽ നഗരസഭാ കൗൺസിൽ പരാമർശം (3) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച കരട് മാസ്റ്റർ പ്ലാൻ റിപ്പോർട്ട്, മാപ്പുകൾ എന്നിവ പരാമർശം (4) പ്രകാരം കൗൺസിൽ പാസ്സാക്കി, ആയത് പ്രകാരം കരട് തിരുവനന്തപുരം മാസ്റ്റർപ്ലാൻ സർക്കാർ അംഗീകാരത്തിനായി പരാമർശം (5) പ്രകാരം നഗരസഭാ സെക്രട്ടറി ഉചിതമാർഗ്ഗേണ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(3) 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം തിരുവനന്തപുരം മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു. 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(6) പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, നഗരത്തിന്റെ ആസൂത്രിത വികസനത്തിന്റെ അനിവാര്യത പരിഗണിച്ച്, ഇപ്രകാരം അധികരിച്ച സമയപരിധി, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(11), വകുപ്പ് 38 എന്നിവ പ്രകാരം സാധൂകരിച്ചു നൽകാവുന്നതാണെന്നും പരാമർശം (6) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസിദ്ധീകൃത തിരുവനന്തപുരം മാസ്റ്റർപ്ലാനിന്മേൽ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ്

വകുപ്പ് 36(6) പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിക്കാൻ സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, നഗരത്തിന്റെ ആസൂത്രിത വികസനത്തിന്റെ അനിവാര്യത പരിഗണിച്ച്, ഇപ്രകാരം അധികരിച്ച സമയപരിധി, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(11), വകുപ്പ് 38 എന്നിവ പ്രകാരം സാധൂകരിച്ചു നൽകുന്നതോടൊപ്പം പ്രസിദ്ധീകൃത തിരുവനന്തപുരം മാസ്റ്റർപ്ലാനിന്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 36(8), 2021-ലെ കേരള നഗരഗ്രാമാസൂത്രണ മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നല്കലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം അന്തിമ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, തിരുവനന്തപുരം (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
5. എക്സിക്യുട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വിവര പൊതുജന സമ്പർക്ക് (വെബ് & പിആർഡി) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 05-07-2024 16:37:32